പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1635 — 04.12.2015 ലെ മറുപടിയ്ക്ക്

**കർഷക ആത്മഹത്യകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.ദിവാകരൻ<br>ശ്രീ. പി.തിലോത്തമൻ<br>ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീമതി.ഇ.എസ്.ബിജിമോൾ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) 2014-15 സാമ്പത്തിക വർഷത്തിൽ കേന്ദ്ര ഗവൺമെന്റ് കർഷക ആത്മഹത്യകൾക്ക് പരിഹാരമായി ആശ്രിതർക്ക് തുക അനുവദിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) ഇല്ല. |
| (ബി) ഇതിനായി മുൻകാലങ്ങളിൽ അനുവദിച്ച തുക ഗുണകരമായി വിനിയോഗിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ ; വെളിപ്പെടുത്തുമോ ; | (ബി) ഈ സർക്കാരിന്റെ കാലയളവിൽ കർഷക ആത്മഹത്യകൾക്ക് പരിഹാരമായി ആശ്രിതർക്ക് തുക അനുവദിക്കുന്നതിന് കേന്ദ്ര സർക്കാർ സംസ്ഥാന കൃഷി വകുപ്പിന് തുക അനുവദിച്ചിട്ടില്ല. |
| (സി) 2011 മുതൽ 2015 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് എത്ര കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട്, ആത്മഹത്യ ചെയ്തവരുടെ ആശ്രിതർക്ക് എന്തെല്ലാം സഹായം എത്തിച്ചുകൊടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ ? | (സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 64 കർഷക ആത്മഹത്യകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആത്മഹത്യ ചെയ്ത 37 കർഷകരുടെ കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായമായി ആകെ 34,50,000/- രൂപ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ